ജോസഫ് അച്ചൻ, പിന്നേയും കഥകളുടെ കെട്ടഴിക്കാൻ തുടങ്ങി. ഞാൻ വളരെയധികം തിരക്കിലാണെങ്കിലും വായിക്കാനുള്ളവരുടെ ആവേശം കൊണ്ട്, എഴുതാൻ ഞാനും നിബന്ധിതനായി. പ്രോത്സാഹനം കിട്ടിയാൽ എന്തിനും ശക്തി കിട്ടും.

## ഹാ പുഷ്പമേ!

''അച്ചാ, അവൾക്കെന്നെ ഇഷ്ടമായിരുന്നു. പക്ഷേ, എനിക്കതറിയത്തില്ലായിരുന്നു. മറിച്ച് എനിക്ക് അവളെ ഇഷ്ടമായിരുന്നോ എന്നറിയത്തില്ല. ഒന്നെനിക്കറിയാം: അവൾ ഉദ്ദേശിച്ചതു പോലെ എനിക്കവളോട് പ്രണയമുണ്ടായിരുന്നില്ല. ഒരു പക്ഷേ, പരിശ്രമിച്ചാൽ എനിക്കവളെ പ്രണയിക്കാൻ സാധിക്കമായിരുന്നു.

അച്ചനറിയാമല്ലോ എന്റെ വീടിന്റെ വളരെ അടുത്തായിരുന്നു അവൾ താമസിച്ചിരുന്നത്. അവളുടെ അപ്പൻ കൃഷിക്കാരൻ കറിയാച്ചനെ അറിയാമല്ലോ. അയാൾ വെറും സാധാരണ ഒരു കൃഷിക്കാരൻ മാത്രമായിരുന്നു. കൂടാതെ കറവയുള്ള ഒരു പശുവും, ഒരു ആടും അവക്കുണ്ട്. അതുകൊണ്ട് എല്ലാം സുഭിക്ഷമായി അവരുടെ ദൈനം ദിന ചിലവുകൾ നടക്കും.

പാൽ കടയിൽ കൊണ്ടു പോയി കൊടുക്കുന്നതൊന്നും അവൾക്ക് ഇഷ്ടമല്ല. എന്നാൽ അവറ്റകൾക്ക് തീറ്റ കൊടുക്കാനും പോറ്റി വളർത്താനും അവൾക്ക് വൈമുഖ്യമില്ലായിരുന്നു.

എന്നെക്കാൾ രണ്ടു ക്ലാസ് താഴെയായിരുന്നു. അതുപോലെ പ്രായത്തിലും. പഠിത്വത്തിൽ അവൾ വലിയ മിടുക്കി അല്ല, എന്നാലും ക്ലാസിൽ തോൽക്കാതെ പഠിച്ച് ജയിച്ചു വന്നിരുന്നു. ഒരു പക്ഷേ, പഠിത്വത്തിൽ വളരെ മിടുക്കനായ എന്നെ ബോദ്ധ്യപ്പെടുത്താനായിരിക്കും. അവൾ ആഴ്ചപതിപ്പുകളും നോവലും ധാരാളം വായിക്കും. അവളുടെ അപ്പൻ, കറിയാച്ചൻ,അവൾക്ക് വായിക്കാനിഷ്ടമുള്ള മാസികകളും മറ്റും വാങ്ങിച്ചു കൊടുക്കുന്നതു കൂടാതെ, അടുത്തുള്ള വായനശാലയിൽ നിന്ന് വായിക്കാനായി നോവലുകളും അവൾക്കു വേണ്ടി കൊണ്ടു കൊടുക്കുമായിരുന്നു. ആഴ്ചപതിപ്പുകളും മാസികകളും വരുന്ന അന്നു തന്നെ വാങ്ങി കൊടുത്താൽ അടുത്ത ദിവസം തന്നെ അതെല്ലാം പെട്ടന്ന് വായനശാലയിൽ കൊടുത്ത് അയാൾ പണം എണ്ണി വാങ്ങിക്കും. വായിക്കുന്തോറും വിജ്ഞാനം വദ്ധിക്കുമെന്ന അഭിപ്രായക്കാരനായിരുന്നു കറിയാച്ചൻ. തന്മൂലം അവൾ പ്രണയിക്കാൻ പഠിച്ചു. എനിക്ക് അതിനുള്ള കഴിവ് അന്നും ഇന്നുമില്ല.

ഞാൻ ഹൈസ്ക്കൂൾ ക്ലാസ്സിൽ എത്തിയപ്പോഴാണ് അവൾ എന്റെ പുറകെ നിഴലായി കൂടിയത്. ഞാൻ സ്ക്കൂളിൽ പോകുമ്പോൾ എന്റെ നിഴലു പോലെ അവൾ എന്റെ പിറകിൽ എന്നും ഉണ്ടായി. ആദ്യമാദ്യം എനിക്കതു മനസ്സിലാക്കാൻ സാധിച്ചില്ല. ഞാൻ മനസ്സിലായി വന്നപ്പോൾ അവൾ എന്നെ നോക്കി പുഞ്ചിരിക്കാൻ ശ്രമിച്ചു. എനിക്ക് തിരിച്ച് അവളെ നോക്കി ചിരിക്കാൻ അറിയത്തില്ലായിരുന്നു. കരിയിട്ട അവളുടെ കടക്കെണ്ണ് എറിയൽ എനിക്ക് ഇമ്പമായിരുന്നെങ്കിലും അത് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞില്ല.

എനിക്ക് ആകെയുള്ള ഏക സഹോദരിയുമായി അവൾ കൂട്ടുകൂടി. അവർ ഒരേ പ്രായക്കാരും ഒരേ ക്ലാസ്സിൽ പഠിക്കുന്നവരുമായിരുന്നു. അവൾ എന്നെക്കുറിച്ച് എന്റെ സഹോദരി മോനിയോട് ചോദിക്കുമെന്ന് അവൾ എന്നോട് നിത്യം പറയുമായിരുന്നു. മോനി പറയുന്നത് ഞാൻ കേട്ടിരുന്നതല്ലാതെ പ്രത്യുത്തരം ഒന്നും നൽകിയിരുന്നില്ല. അവൾ ഒരു പക്ഷേ, പലപ്പോഴും പ്രതീക്ഷിച്ചിരിക്കാം ഞാനവളോട് ''ഞാനവളെ സ്നേഹിക്കുന്നു എന്നോ അതല്ലങ്കിൽ അതിന്റെ ഇംഗ്ലീഷിലുള്ള വാക്കുകളോ പറയുമെന്ന്. ഒന്നാമത് അങ്ങിനെയൊന്നും പറയാനുള്ള കഴിവോ പ്രാപ്തിയോ എനിക്ക് അന്നും ഇന്നുമില്ല.

മോനിയെ കാണാനെന്ന ഭാവേന അവൾ പലപ്പോഴും എന്റെ വീട്ടിൽ വരിക പതിവായി. ഒന്നുകിൽ ഞാൻ വെളിയിലേക്ക് പോകാൻ തുടങ്ങുമ്പോഴോ അതല്ലങ്കിൽ ഞാൻ വെളിയിലേക്ക് പോകാൻ തുടങ്ങുമ്പോൾ അവൾ വരികയോ പതിവായി. ഞാൻ വീട്ടിലില്ല എന്നതുകൊണ്ടാവാം അവൾ പെട്ടന്ന് മടങ്ങി പോറുണ്ട് എന്ന് മോനി എന്നോട് പറഞ്ഞിട്ടുണ്ട്.

ഞാൻ പള്ളിയിലെ ശുശ്രൂഷക്കാരനെന്നതിൽക്കവിഞ്ഞ് ഞാൻ പലപ്പൊഴും കുബ്ബനക്ക് കൂടുകയും ചെയ്യുമായിരുന്നു. കുബ്ബാന സമയത്ത് ധൂപകുറ്റി വീശുന്നയാളെയാണ് ഓത്ഡോക്സ്കാർ കുബ്ബനക്ക് കൂടുക എന്നു പറയുന്നത്. അങ്ങിനെ ഞാൻ ചെയ്യുമ്പോൾ ഒരു മാലാഖ നിൽക്കുകയാണെന്ന് അവൾ മോനിയോടെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഞാൻ കണ്ടാൽ അത്ര സുന്ദരനല്ല: എന്നാൽ വിരൂപനല്ല. ഞാൻ പലതും ചൊല്ലുമ്പോൾ നാദസ്വനം പോലെ അവൾക്ക് തോന്നിയിരുന്നെന്ന് അവൾ എപ്പോഴും മോനിയോടെ പറയുമായിരുന്നു. നല്ല മുഴങ്ങുന്ന ഇമ്പമുള്ള സ്വരമാണ് എന്റേതെന്ന് പള്ളിയിലെ എന്നോട് അസൂയയില്ലാത്തവർ പലരും പറഞ്ഞു കേട്ടിട്ടുണ്ട്.

അച്ചനറിയാമല്ലോ, എന്റെ അമ്മ പെട്ടന്ന് ഹൃദയാഘാതത്തെ തുടന്ന് വളരെ ചെറുപ്പത്തിലെ മരിച്ചത്. അന്നെനിക്ക് ഇരുപത്തി രണ്ടും, എന്റെ അപ്പന് നാല്പത്തി ഏഴും എന്റെ ഇളയ സഹോദരി മോനിക്ക് ഇരുപതും വയസ് പ്രായമുണ്ട്. മോനി അന്ന് എന്നോടൊപ്പം കോളേജിലാണ്. അവളെ ഹൈസ്ക്കൂൾ കഴിഞ്ഞ് തുടന്ന് കോളേജിൽ വിട്ട് പഠിപ്പിക്കത്തക്ക സാമ്പത്തിക ശേഷി കറിയാച്ചനില്ലാരുന്നു. വളരെ ബുദ്ധിമാനായ അയാൾ അവളെ തയ്യൽ പഠിപ്പിക്കാൻ വിട്ടു. അപ്പോൾ പ്രായമായാലും എങ്ങിനെയെങ്കിലും ഒരു തയ്യൽ മിഷ്യൻ വാങ്ങി കൊടുത്താലും അവൾക്ക് വീട്ടിലിരുന്ന് വരുമാനമുണ്ടാക്കാൻ സാധിക്കുമല്ലോയെന്നായിരുന്നു അയാളുടെ കണക്കു കൂട്ടൽ. അവളെ സ്ത്രീധനം കൊടുത്ത് കെട്ടിച്ചു വിടത്തക്ക സാമ്പത്തി ശേഷി അയാൾക്കില്ല. എന്നാൽ അവളെ കെട്ടുന്നവനെ ദത്തെടുത്ത് അവിടെ നിത്തി, വീടും പുരയിടവും കൊടുത്താൽ അവൾ തയ്യലും ചെയ്ത് അവർ ഭംഗിയായി ജീവിക്കുമെന്ന് കറിയാച്ചൻ കണക്ക്.

എന്റെ അമ്മ മരിച്ചതോടെ അവൾ നിത്യം പ്രഭാതം മുതൽ പ്രദോഷം വെരെ എന്റെ വീട്ടിലായി. മോനിക്കോ, അപ്പനോ എനിക്കോ പാചകമൊന്നും അറിയത്തില്ല. കാലത്ത് ഭക്ഷണം മുതൽ അത്താഴം വെരെ അവൾ പാചകപ്പെടുത്തി തന്നിട്ട് അവളുടെ തയ്യൽ ക്ലാസിനു പോകും. കറിയാച്ചന്റെ ഉൾകണ്ണിലെ കണക്ക് എന്നിലായിരുന്നു. അമ്മ മരിച്ച് രണ്ടു വഷം കഴിഞ്ഞപ്പോൾ വീട്ടിൽ ഞാനും മോനിയും ഇല്ലാതിരുന്ന സമയം, ഞങ്ങൾ രണ്ടും കോളേജിലായിരുന്നപ്പോൾ പിശാച് എന്റെ അപ്പനെ പിടികൂടി. മോനി കേളേജ് കഴിഞ്ഞ് വന്നപ്പോൾ അടുപ്പേൽ തീ കത്തുന്നുണ്ട് ഏതൊ പാത്രവും ഉണ്ട്. അപ്പൻ കിടക്കുന്ന കിടക്കയിൽ ഉണങ്ങിയ ചോരക്കറ. കരഞ്ഞ് കുനിഞ്ഞിരുന്ന് അവളെ മോനി കണ്ടു. ''നിന്റെ അപ്പൻ ചീത്തയാ എന്നെ നിന്റെ രണ്ടാനമ്മയാക്കാൻ എന്റെപ്പനോ നിന്റെപ്പനോ വിചാരിച്ചാൽ സാധിക്കില്ല: നിന്റെ നാത്തൂനാകാൻ ഞാൻ വളരെയധികം ആഗ്രഹിച്ചിരുന്നത് സത്യമാണ്.'' അവൾ അവിടെ നിന്നോടിയത് അടുത്തുള്ള റയിൽപാളത്തിലേക്കെന്ന് പിന്നീടാണവൻ അറിഞ്ഞത്. മോനോയ് അവന്റെ വികാരിയച്ചനോട് മറ്റാരുമറിയാത്ത കഥ പറഞ്ഞു തീർത്തു.